"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് - ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതിയിൻ കീഴിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് 2023-2024 വർഷത്തേക്കുള്ള തുടർച്ചാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ആസൂത്രണം-ബി) വകുപ്പ്**

സ.ഉ.(സാധാ) നം.896/2023/AGRI തീയതി,തിരുവനന്തപുരം, 15-09-2023

---

പരാമർശം:-

1. സ.ഉ.(പി). നം.28/2016/ധന, തീയതി 26.02.2016
2. സ.ഉ.(പി). നം. 56/2017/ധന, തീയതി 28.04.2017
3. സ.ഉ.(പി). നം. 112/2018/ധന, തീയതി 21.07.2018
4. സ.ഉ.(പി). നം. 81/2019/ധന, തീയതി 09.07.2019
5. സ.ഉ.(പി). നം. 29/2021/ധന, തീയതി 11.02.2021
6. സ.ഉ.(സാധാ) നം. 428/2022/കൃഷി, തീയതി 21.05.2022
7. സ.ഉ.(സാധാ) നം. 748/2023/കൃഷി, തീയതി 01.08.2023
8. കാർഷിക വികസന കർഷക ക്ഷമ വകുപ്പ് ഡയറക്ടറുടെ 28.01.2023 തീയതിയിലെ റ്റി.എഫ്(2) 378/2023 നമ്പർ കത്ത്.

**ഉത്തരവ്**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന് കീഴിൽ "ജൈവ കൃഷിയും ഉത്തമ കൃഷിമുറകളും" പദ്ധതിയിൻ കീഴിൽ കരാർ അടിസ്ഥാനത്തിൽ നിയമിതരായ 31 ജീവനക്കാർക്ക് 2022-23 സാമ്പത്തിക വർഷത്തേയ്ക്ക് പരാമർശം 6 ഉത്തരവ് പ്രകാരം തുടർച്ചാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് പരാമർശം (8) പ്രകാരം "ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതി" രൂപീകരണവും നിരീക്ഷണവും നടത്തിപ്പിനുമായി കൃഷി വകുപ്പ് ഡയറക്ടറേറ്റിൽ 1 ടെക്നോളജി മാനേജർ, 2 ഫെസിലിറ്റേറ്റർമാർ, 14 ജില്ലകളിലുമായി 14 ടെക്നോളജി മാനേജർമാർ, 14 ഫെസിലിറ്റേറ്റർമാർ എന്നിങ്ങനെ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ആകെ 31 കരാർ ജീവനക്കാരുടെ സേവനം അത്യന്താപേക്ഷിതമായതിനാൽ ടി ജീവനക്കാർക്ക് 2023-24 സാമ്പത്തിക വർഷത്തേയ്ക്ക് തുടർച്ചാനുമതി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കൃഷി ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2023-24 വാർഷിക പദ്ധതിയുടെ അടിസ്ഥാനത്തിൽ "ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും" പദ്ധതിയ്ക്ക് പരാമർശം (7) -ലെ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവ് പ്രകാരം ബജറ്റ് വിഹിതമായി അനുവദിച്ച 600.00 ലക്ഷം രൂപയിൽ നിന്നും "Additional man power support for implementing the scheme" എന്ന ഘടകത്തിനായി 90.6306 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ Rs.29785/- രൂപ നിരക്കിൽ 15 ടെക്നോളജി മാനേജർമാരെയും Rs. 19280/- രൂപ നിരക്കിൽ 16 ഫെസിലിറ്റേറ്റർമാരെയും 2024 മാർച്ച് 31 വരെ ഒരു വർഷ കാലയളവിൽ കരാർ അടിസ്ഥാനത്തിൽ നിയോഗിക്കുവാൻ അംഗീകാരം നൽകിയിരുന്നു.

3) ഈ സാഹചര്യത്തിൽ ജൈവ കൃഷിയും ഉത്തമ കൃഷിമുറകളും പദ്ധതിയിൻ കീഴിൽ കരാർ അടിസ്ഥാനത്തിൽ നിയമിതരായ ജീവനക്കാരുടെ (ഡയറക്ടറേറ്റിൽ 1 ടെക്നോളജി മാനേജർ, 2 ഫെസിലിറ്റേറ്റർ 14 ജില്ലകളിലുമായി 14 ടെക്നോളജി മാനേജർമാർ, 14 ഫെസിലിറ്റേറ്റർമാർ) സേവന കാലാവധിക്ക് ആവശ്യമായ ബ്രേക് നൽകിയതിന് ശേഷം, പരിചയ സമ്പന്നരായ ടി ജീവനക്കാർക്ക് ഒരു വർഷത്തേക്ക് കൂടി കരാർ നീട്ടി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) കരാർ/ദിവസ വേതന വ്യവസ്ഥയിൽ ജീവനക്കാരെ നിയമിക്കുമ്പോഴും കാലാവധി ദീർഘിപ്പിച്ച് നൽകുമ്പോഴും ഭരണപരമായ ആവശ്യകത, ഫണ്ട് ലഭ്യത എന്നിവ വിലയിരുത്തേണ്ടതും പരാമർശം (1), (2), (3), (4) & (5) സർക്കാർ ഉത്തരവുകളിലെ നിബന്ധനകൾ പൂർണ്ണമായി പാലിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ് സാബിർ ഹുസൈൻ
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേ വക, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (Audit/A&E) കേരള, തിരുവനന്തപുരം
ധനകാര്യ (അഗ്രി-എ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (അഗ്രി-പിബി1/26/2023)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ